# 1882-ലെ റഷ്യൻ പതിപ്പിനുള്ള മുഖവുര

ബക്കുനിൻ തർജ്ജമചെയ്ത കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ആദ്യത്തെ റഷ്യൻ പതിപ്പ് അറുപതുകളുടെ ആരംഭത്തിൽ[4] കോലൊക്കൊൽ[5] അച്ചടിശാല മുദ്രണം ചെയ്തു. അന്ന് പാശ്ചാത്യരാജ്യങ്ങൾക്ക് സാഹിത്യപരമായ ഒരു കൗതുകവസ്തുവായേ അതിനെ (മാനിഫെസ്റ്റോയുടെ റഷ്യൻപതിപ്പിനെ) കാണാൻ കഴിഞ്ഞുള്ളു. അത്തരമൊരഭിപ്രായം ഇന്ന് അസാദ്ധ്യമായിരിക്കും.

അന്ന്, 1847 ഡിസംബറിൽ, തൊഴിലാളിപ്രസ്ഥാനത്തിന്റെ പരിധി എത്രമാത്രം പരിമിതമായിരുന്നുവെന്ന് മാനിഫെസ്റ്റോയുടെ അവസാനഭാഗം—വിവിധരാജ്യങ്ങളിലെ വിവിധ പ്രതിപക്ഷപ്പാർട്ടികളോടുള്ള കമ്മ്യൂണിസ്റ്റുകാരുടെ നിലപാടിനെപ്പററി പരാമർശിക്കുന്ന ഭാഗം—തികച്ചും വ്യക്തമാക്കുന്നുണ്ട്. റഷ്യയുടെയും അമേരിക്കയുടേയും പേരുകൾ അതിൽ ഇല്ലതന്നെ. റഷ്യ യൂറോപ്യൻ പിന്തിരിപ്പത്തത്തിന്റെയാകെ അവസാനത്തെ വലിയ കരുതൽശക്തിയായി നിലനില്ക്കുകയും അമേരിക്ക യൂറോപ്പിലെ അധികപ്പററായ തൊഴിലാളികളെ കുടിയേറിപ്പാർപ്പുവഴി ഉൾക്കൊള്ളുകയും ചെയ്തിരുന്ന കാലമായിരുന്നു അത്. ഇരുരാജ്യങ്ങളും യൂറോപ്പിന്റെ ആവശ്യത്തിനു വേണ്ടതായ അസംസ്കൃതസാധനങ്ങൾ ഒരുക്കിക്കൊടുക്കുകയും അതേസമയം അതിന്റെ വ്യവസായോല്പന്നങ്ങൾ ചെലവഴിക്കാനുള്ള കമ്പോളമായി വർത്തിക്കുകയും ചെയ്തു. അതുകൊണ്ട്, അന്ന് ആ രണ്ടു രാജ്യങ്ങളും ഒരു നിലയ്ക്കല്ലെങ്കിൽ മറെറാരു നിലയ്ക്ക്, അന്നത്തെ യൂറോപ്യൻ വ്യവസ്ഥയുടെ നെടുംതൂണുകളായിരുന്നു.

ഇന്നോ? സ്ഥിതി എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു! യൂറോപ്പിൽനിന്നുള്ള കുടിയേറിപ്പാർപ്പുതന്നെയാണ് വടക്കെ അമേരിക്കയിൽ ബൃഹത്തായ കാർഷികോല്പാദനത്തിനു വഴിവച്ചതു്. അതിൽനിന്നു നേരിടേണ്ടിവരുന്ന മത്സരംകൊണ്ട് യൂറോപ്പിലെ വലുതും ചെറുതുമായ ഭൂവുടമവ്യവസ്ഥയുടെ അടിത്തറതന്നെ കുലുങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനു പുറമേ, പടിഞ്ഞാറൻ യൂറോപ്പിന്റെ, പ്രത്യേകിച്ച് ഇംഗ്ലണ്ടിന്റെ, ഇതേവരെ നിലനിന്നുവന്നിരുന്ന വ്യവസായക്കുത്തകയെ താമസംവിനാ പൊളിക്കുമാറ് അമേരിക്കയ്ക്ക് അതിന്റെ വ്യാ



വസായികവിഭവങ്ങളെ ഊർജ്ജിതമായും വിപുലമായ തോതിലും ചൂഷണംചെയ്യാൻ തൽഫലമായി കഴിഞ്ഞു. ഈ രണ്ടു സാഹചര്യങ്ങളും വിപ്ലവകരമായ രീതിയിൽ അമേരിക്കയിൽത്തന്നെ ചില പ്രത്യാഘാതങ്ങളുളവാക്കുന്നു. ചെറുകിടയും ഇടത്തരവുമായ ഭൂവുടമസമ്പ്രദായം—അവിടത്തെ രാഷ്ട്രീയഘടനയുടെയാകെ അടിത്തറയിതാണ്—ക്രമേണ പടുക്കൂററൻ കൃഷിക്കളങ്ങളുടെ മത്സരത്തിന്റെ മുമ്പിൽ കീഴടങ്ങുന്നു. അതോടൊപ്പം വ്യവസായപ്രദേശങ്ങളിലാകട്ടെ, ആദ്യമായി, വമ്പിച്ച തൊഴിലാളിവർഗ്ഗവും ഭീമമായ മൂലധനകേന്ദ്രീകരണവും വളർന്നുവരുന്നു.

പിന്നെ റഷ്യ! 1848–1849-ലെ വിപ്ലവകാലത്ത് യൂറോപ്പിലെ രാജാക്കന്മാരെന്നല്ല, ബൂർഷ്വാസിപോലും, ഉണർന്നുതുടങ്ങുക മാത്രം ചെയ്തിരുന്ന തൊഴിലാളിവർഗ്ഗത്തിൽനിന്നുള്ള തങ്ങളുടെ ഒരേയൊരു മോക്ഷമായി ഉററുനോക്കിയിരുന്നതു് റഷ്യൻ ഇടപെടലിനെയാണ്. സാർ യൂറോപ്യൻ പ്രതിലോമശക്തികളുടെ നായകനായി വിളംബരം ചെയ്യപ്പെട്ടു. എന്നാൽ ഇന്നാകട്ടെ അയാൾ വിപ്ലവത്തിന്റെ യുദ്ധത്തടവുകാരനായി ഗാത്ചിനയിൽ കഴിയുകയാണ്.[6] റഷ്യ യൂറോപ്പിലെ വിപ്ലവപ്രവർത്തനത്തിന്റെ മുന്നണിയായിത്തീർന്നിരിക്കുന്നു.

ആധുനിക ബൂർഷ്വാസ്വത്തുടമസമ്പ്രദായത്തിന്റെ വിനാശം അനിവാര്യവും ആസന്നവുമാണെന്നു പ്രഖ്യാപിക്കുകയെന്നതായിരുന്നു കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയുടെ ലക്ഷ്യം. എന്നാൽ അതിവേഗം പെരുകിവരുന്ന മുതലാളിത്തക്കൊള്ളയും വളരാൻ തുടങ്ങുകമാത്രം ചെയ്യുന്ന ബൂർഷ്വാഭൂവുടമവ്യവസ്ഥയും അഭിമുഖമായി പകുതിയിലേറെ നിലവും കൃഷിക്കാരുടെ പൊതുവുടമയിലാണെന്ന വസ്തുത നാം റഷ്യയിൽ കാണുന്നു. അപ്പോൾ ചോദ്യമിതാണ്: സാരമായി കോട്ടം തട്ടിയിട്ടുണ്ടെന്നിരിക്കിലും പ്രാചീന പൊതുഭൂവുടമയുടെ ഒരു രൂപമായ റഷ്യൻ ''ഒബ്ഷ്ചിന''യ്ക്ക് (ഗ്രാമസമുദായം) കമ്മ്യൂണിസ്റ്റ് പൊതുവുടമയെന്ന ഉയർന്ന രൂപത്തിലേക്കു നേരിട്ട് നീങ്ങാൻ കഴിയുമോ, അതോ, നേരേമറിച്ച്, പാശ്ചാത്യരാജ്യങ്ങളുടെ ചരിത്രപരിണാമത്തിലുണ്ടായതുപോലെ അതിനും അതേ വിഘടനപ്രക്രിയയിലൂടെ ആദ്യം കടന്നുപോകേണ്ടിവരുമോ?

ഇന്നത്തെ നിലയ്ക്ക് ഇതിന് ഒരൊററ ഉത്തരമേ സാദ്ധ്യമായിട്ടുള്ളു: റഷ്യൻ വിപ്ലവം പാശ്ചാത്യരാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗവിപ്ലവത്തിന്റെ മുന്നോടിയാവുകയും അവ രണ്ടും അന്യോന്യം പൂരണമായിഭവിക്കുകയും ചെയ്യുകയാണെങ്കിൽ റഷ്യയിൽ ഇന്നു കാണുന്ന പൊതു ഭൂവുടമസമ്പ്രദായം കമ്മ്യൂണിസ്റ്റ് രൂപത്തിലേക്കുള്ള വികാസത്തിന്റെ തുടക്കമായിത്തീരാനിടയുണ്ട്.

ലണ്ടൻ
ജനുവരി 21, 1882

കാറൽ മാർക്സ്
ഫ്രെഡറിക് എംഗൽസ്